## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.401, 24/01/2018-ൽ മറുപടിക്ക്

### 'തൊഴിലാളി ക്ഷേമ നിധി പെൻഷനുകൾ ലഭിക്കാനുള്ള കാലതാമസം'

| ചോദ്യം<br>ശ്രീ.മുഹമ്മദ് മുഹസിൻ.പി | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| കർഷക തൊഴിലാളി, മോട്ടോർ തൊഴിലാളി തുടങ്ങിയ ക്ഷേമ പെൻഷനുകളിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് അവർ നിശ്ചിത കാലാവധി പൂർത്തിയാക്കിയതിനു ശേഷം അതാത് വർഷ ആനുകൂല്യം ലഭിക്കാൻ വളരെയധികം കാലതാമസം നേരിടുന്നെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാമ്പത്തികമായി വളരെ കഷ്ടത അനുഭവിക്കുന്ന അവർക്ക് ആനുകൂല്യം എത്രയും പെട്ടന്ന് ലഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ? | വിവിധ ക്ഷേമനിധി ബോർഡുകളുടെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് ഭരണ വകുപ്പ് ശുപാർശ ലഭ്യമാക്കിയ മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള കർഷക തൊഴിലാളി പെൻഷൻ 2017 നവംബർ മാസം വരെ നൽകുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. മോട്ടോർ തൊഴിലാളി പെൻഷൻ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകി വരുന്നു. അധിവർഷ ആനുകൂല്യം യഥാസമയം നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷേമനിധി ബോർഡുകൾക്ക് അംശാദായം പിരിക്കുവാൻ കഴിയാതെ വരുന്നതുമൂലമാണ് യഥാസമയം ഇത്തരം ആനുകൂല്യങ്ങൾ നൽകാനാകാതെ വരുന്നത്. ഇക്കാര്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ